# കൂടിയാലോചന: ഐക്യത്തിന്റെ നെടും തൂൺ

കബീർ എം. പറളി

സാഹോദര്യം ഇസ്‌ലാമിന്റെ പ്രമുഖ ധർമ്മങ്ങളിൽ ഒന്നാണ്. അനൈക്യപ്പെട്ടു കിടന്ന അറേബ്യൻ സമൂഹത്തെ സുദൃഢപാശത്തിലെ പാശികൾ പോലെ ഇസ്‌ലാം കോർത്തിണക്കി എന്നത് സർവാംഗീകൃത സത്യമാണ്. പകയും പടവെട്ടലുമായി കഴിഞ്ഞുകൂടിയ ഒരു സമൂഹം ഖുർആനിന്റെ വരിയിലണിനിരന്നപ്പോൾ സ്നേഹത്തിന്റെ രുചിയും സാഹോദര്യത്തിന്റെ മധുരവും അവരറിഞ്ഞു. വിശുദ്ധനായ പ്രവാചകൻ(സ്വ) ലോകത്തിന് ഉത്തമ മാതൃകകളാക്കി അവരെ വളർത്തി. ഏകോദര സഹോദരങ്ങളായി കഴിഞ്ഞു കൂടേണ്ടതിന്റെ ആവശ്യകതയും, സാഹോദര്യം മുഖേന കൈവരാവുന്ന നേട്ടങ്ങളുടെ പരമ്പരയും സമൂഹ മനസ്സിൽ സന്നിവേശിപ്പിച്ചപ്പോൾ അവരിലെ മാറ്റം അതിവേഗതയിലായിരുന്നു.

സാഹോദര്യത്തിന് ഏറെ വിലമതിക്കുന്ന മതമാണ് ഇസ്‌ലാം. ഒന്നിച്ചു നിൽക്കാനും ഒരുമയോടെ നീങ്ങാനും വിശ്വാസികളെ തെര്യപ്പെടുത്തുന്ന ഇസ്‌ലാം, അതിന് സഹായകമായിത്തീരുന്ന ഘടകങ്ങളും നിർദ്ദേശിച്ചു തന്നിട്ടുണ്ട്. വിശ്വാസികൾ പരസ്പരം സഹോദരങ്ങളാണ് എന്ന അധ്യാപനം ഇസ്ലാമിന്റെ മാത്രം വ്യതിരിക്തതയാണ്. അവർക്കിടയിൽ ശത്രുതയോ, അനൈക്യമോ ഉണ്ടാകരുതെന്ന നിർദ്ദേശവും ഖുർആനിക സൂക്തങ്ങളിൽ കാണാനാകും. മാനുഷിക ചാപല്യങ്ങൾ വ്യക്തികൾക്കിടയിലുണ്ടാക്കുന്ന കുഴപ്പങ്ങളും പിണക്കങ്ങളും, അവർക്കിടയിൽ സ്ഥായിയായി നിലനിൽക്കാവതല്ല എന്ന കണിശമായ കൽപനയും അവയിൽ കാണാം. ഒരു സൂക്തം കാണുക:

إِنَّمَا الْمُؤْمِنُونَ إِخْوَةٌ فَأَصْلِحُوا بَيْنَ أَخَوَيْكُمْ وَاتَّقُوا اللَّهَ لَعَلَّكُمْ تُرْحَمُونَ (الحجرات: 10)

''സത്യവിശ്വാസികൾ (പരസ്പരം) സഹോദരങ്ങൾ തന്നെയാകുന്നു. അതിനാൽ നിങ്ങളുടെ രണ്ടു സഹോദരങ്ങൾക്കിടയിൽ നിങ്ങൾ രഞ്ജിപ്പുണ്ടാക്കുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം.'' (ഹുജുറാത്ത്: 10)

വിശ്വാസികൾക്കിടയിലുണ്ടാകുന്ന ഐക്യത്തേയും, കെട്ടുറപ്പിനേയും പറ്റി നബി തിരുമേനി (സ്വ) തന്നെയും പറഞ്ഞു തന്നിട്ടുണ്ട്. ഇമാം ബുഖാരിയും ഇമാം മുസ്‌ലിമും രേഖപ്പെടുത്തിയ രണ്ട് ഹദീസുകളിൽ നിന്ന് നമുക്കത് മനസ്സിലാക്കാം.

((مثل المؤمنين في توادهم وتراحمهم وتواصلهم كمثل الجسد الواحد إذا اشتكى منه عضو تداعى له سائر الجسد بالحمى والسهر)) البخاري، ومسلم

''പര്സപര സ്നേഹത്തിന്റേയും, കാരുണ്യത്തിന്റെയും, അന്യോന്യ ബന്ധത്തിന്റേയും കാര്യത്തിൽ വിശ്വാസികൾ ഒരൊറ്റ ശരീരം പോലെയാണ്. (ശരീരത്തിനൊരു ഗുണമുണ്ട്) അതിലെ ഒരവയവത്തിന് അസുഖം ബാധിച്ചാൽ മറ്റവയവങ്ങളും പനിപിടിച്ചും ഉറക്കമൊഴിച്ചും അതിനോട് കൂട്ടുചേരുന്നതാണ്.''

((المؤمن للمؤمن كالبنيان يشده بعضه بعضا وشبك بين أصابعه صلى الله عليه وسلم)) البخاري، ومسلم

''ഓരോ ഭാഗങ്ങളും പരസ്പരം ശക്തി പകരുന്ന ഒരു കെട്ടിടം പോലെയാണ് രണ്ടു വിശ്വാസികൾ. പ്രവാചക തിരുമേനി(സ്വ) തന്റെ ഇരുകൈവിരലുകളും കോർത്തു പിടിച്ചാണ് ഇവ്വിധം പ്രസ്താവിച്ചത്.''

മേലെ വായിച്ച ഖുർആൻ സൂക്തവും, രണ്ടു ഹദീസുകളും വിശ്വാസികൾക്കിടയിലുണ്ടാകേണ്ട സാഹോദര്യ ബന്ധത്തെ ഗൗരപൂർവം ബോധ്യപ്പെടുത്തുന്നുണ്ട്. അതു മാത്രമല്ല, സാഹോദര്യത്തിന്റെ ഇടിവിനും, വ്യക്തികൾക്കിടയിലെ ശത്രുതക്കും ചേരിതിരിവിനും നിമിത്തമായേക്കാവുന്ന സകല ദുർഗുണങ്ങളേയും വിശുദ്ധ ഇസ്‌ലാം തടഞ്ഞു നിർത്തിയിട്ടുണ്ട്. അസൂയ, അടിസ്ഥാന രഹിതമായ ഊഹം, പരദൂഷണം, ഏഷണി, ചാരവൃത്തി, പരിഹാസം തുടങ്ങിയ വിഷമയമായ സ്വഭാവങ്ങൾ ഐക്യത്തിന്റേയും സ്നേഹത്തിന്റെയും ശത്രുക്കളാണ്.

മുസ്ലിംകൾക്ക് ഏകോദര സഹോദരങ്ങളെപ്പോലെ സ്നേഹിച്ചും, പരിഗണിച്ചും ജീവിക്കാനാകുന്നത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. ശത്രുത കയ്യൊഴിഞ്ഞ് മിത്രജീവിതം സ്വീകരിച്ച പ്രവാചക കാല വിശ്വാസികളെ സംബോധന ചെയ്തു കൊണ്ട് അല്ലാഹു പറയുന്ന പ്രസ്താവന, സാഹോദര്യം ദൈവികാനുഗ്രഹമാണ് എന്ന വസ്തുതയാണ് പഠിപ്പിക്കുന്നത്. അല്ലാഹു പറഞ്ഞു:

وَاذْكُرُواْ نِعْمَةَ اللّهِ عَلَيْكُمْ إِذْ كُنتُمْ أَعْدَاء فَأَلَّفَ بَيْنَ قُلُوبِكُمْ فَأَصْبَحْتُم بِنِعْمَتِهِ إِخْوَانًا (آل عمران : 103)

''നിങ്ങൾ അന്യോന്യം ശത്രുക്കളായിരുന്നപ്പോൾ നിങ്ങൾക്ക് അല്ലാഹു ചെയ്ത അനുഗ്രഹം ഓർക്കുകയും ചെയ്യുക. അവൻ നിങ്ങളുടെ മനസ്സുകൾ തമ്മിൽ കൂട്ടിയിണക്കി. അങ്ങനെ അവന്റെ അനുഗ്രഹത്താൽ നിങ്ങൾ സഹോദരങ്ങളായിത്തീർന്നു.'' (ആലു ഇംറാൻ: 103)

കുഴപ്പങ്ങൾക്ക് വഴിവെക്കുന്ന ദുർഗുണങ്ങളെ തടഞ്ഞ ഇസ്ലാം, ഐക്യം നിലനിർത്താനുതകുന്ന സൽഗുണങ്ങളേയും പറഞ്ഞു തന്നിട്ടുണ്ട്. സ്നേഹം, പരിഗണന, ഗുണകാംക്ഷ, തുറന്ന ചർച്ച, സഹായ ചിന്ത, പ്രാർഥനാ മനസ്ഥിതി, കൂടിയാലോചന തുടങ്ങിയ ഒട്ടേറെ ഗുണങ്ങൾ അക്കൂട്ടത്തിലുണ്ട്.

ഐക്യത്തിന്റെ നെടും തൂൺ കൂടിയാലോചനാണെന്ന് പറയാം. അത് പരസ്പര പരിഗണനയാണ്, ഹൃദയ വിശാലതയുടെ പ്രകടമായ ലക്ഷണമാണ്. വ്യക്തികൾ തമ്മിലും, നേതാവും അനുയായികളും തമ്മിലും മുറിഞ്ഞു പോകാതെ നിലനിർത്തിപ്പോരേണ്ട ഒന്നാണ് കൂടിയാലോചന. ഇസ്ലാം അതിപ്രധാനമായ സ്ഥാനമാണ് കൂടിയാലോചനക്ക് നൽകിയിട്ടുള്ളത്. മഹാനായ പ്രവാചകനോട് ഈ മഹൽഗുണത്തിന്റെ പ്രാധാന്യവും അതുകൊണ്ടുണ്ടാകുന്ന ഗുണവും അല്ലാഹു ബോധ്യപ്പെടുത്തുന്നുണ്ട്. ഖുർആൻ പറഞ്ഞു:

فَبِمَا رَحْمَةٍ مِّنَ اللّهِ لِنتَ لَهُمْ وَلَوْ كُنتَ فَظًّا غَلِيظَ الْقَلْبِ لاَنفَضُّواْ مِنْ حَوْلِكَ فَاعْفُ عَنْهُمْ وَاسْتَغْفِرْ لَهُمْ وَشَاوِرْهُمْ فِي الأَمْرِ فَإِذَا عَزَمْتَ فَتَوَكَّلْ عَلَى اللّهِ إِنَّ اللّهَ يُحِبُّ الْمُتَوَكِّلِينَ (آل عمران : 159)

''(നബിയേ,) അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീ ഒരു പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ നിന്റെ ചുറ്റിൽ നിന്നും അവർ പിരിഞ്ഞ് പോയിക്കളയുമായിരുന്നു. ആകയാൽ നീ അവർക്ക് മാപ്പുകൊടുക്കുകയും, അവർക്ക് വേണ്ടി പാപമോചനം തേടുകയും ചെയ്യുക. കാര്യങ്ങളിൽ നീ അവരോട് കൂടിയാലോചിക്കുകയും ചെയ്യുക. അങ്ങനെ നീ ഒരു തീരുമാനമെടുത്ത് കഴിഞ്ഞാൽ അല്ലാഹുവിൽ ഭരമേൽപിക്കുക. തന്നിൽ ഭരമേൽപിക്കുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നതാണ്.'' (ആലു ഇംറാൻ: 159)

വ്യക്തിബന്ധങ്ങൾ സുദൃഢമാകാനും, ഒറ്റച്ചരടിൽ കോർത്തിണക്കപ്പെടാനും സൗമ്യസ്വഭാവം, ഹൃദയനൈർമ്മല്യം എന്നിവ പോലെത്തന്നെ നിർബന്ധമാണ് കൂടിയാലോചനാ മനസ്ഥിതിയും എന്നത്രെ ഈ വിശുദ്ധ സൂക്തം പഠിപ്പിക്കുന്നത്. കൂടിയാലോചന മുസ്ലിംകളിലുണ്ടാക്കുന്ന മറ്റൊരു ഗുണമാണ്, കൂട്ടായെടുത്ത തീരുമാനങ്ങൾ അല്ലാഹുവിലേക്കു വിടാനും അവന്റെ തൗഫീഖിനു വേണ്ടി പ്രാർഥിക്കാനുമുള്ള സന്നദ്ധത എന്നത്. ഒരു കുടുംബത്തിലെ, സംഘത്തിലെ, സംഘടനയിലെ വിഷയങ്ങൾ കൂട്ടായ ചർച്ചകൾക്ക് വിധേയമാക്കുമ്പോൾ അഭിപ്രായാന്തരങ്ങൾ സ്വാഭാവികമാകും. ദീനീ നിർദ്ദേശങ്ങളെ പരമാവധി പരിഗണിച്ച് മുന്നിലുള്ള വിഷയത്തിൽ തീരുമാനമുണ്ടായാൽ, അല്ലാഹുവിനെ ഭയക്കുന്ന വിശ്വാസികൾക്ക് പിന്നീട ക്കാര്യത്തിൽ വേവലാതിപ്പെടേണ്ട ആവശ്യമില്ല. അല്ലാഹുവാണ് അക്കാര്യത്തിൽ വിജയ പരാജയങ്ങൾ നിശ്ചയിക്കുന്നത്. ''തന്നിൽ ഭരമേൽപ്പിക്കുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നതാണ്'' എന്ന ദൈവിക വാഗ്ദാനം, കൂടിയാലോചനകൾക്കൊടുവിൽ രൂപപ്പെട്ട തീരുമാനത്തിന് അല്ലാഹുവിന്റെ കാവൽ ലഭിക്കുമെന്ന പ്രത്യാശയാണ് നൽകുന്നത്.

അല്ലാഹുവിന്റെ നിയമനിർദ്ദേശങ്ങളെ കേൾക്കാനും അനുസരിക്കാനും തയ്യാറായിട്ടുള്ള സത്യവിശ്വാസികളുടെ ഗുണങ്ങളിലൊന്നായി പടച്ചതമ്പുരാൻ എടുത്തു പറയുന്ന ഒന്നാണ് കൂടിയാലോചന. ഖുർആൻ പറഞ്ഞു:

وَالَّذِينَ اسْتَجَابُوا لِرَبِّهِمْ وَأَقَامُوا الصَّلَاةَ وَأَمْرُهُمْ شُورَى بَيْنَهُمْ وَمِمَّا رَزَقْنَاهُمْ يُنفِقُونَ (شورى : 38)

‘‘തങ്ങളുടെ രക്ഷിതാവിന്റെ ആഹ്വാനം സ്വീകരിക്കുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും, തങ്ങളുടെ കാര്യം തീരുമാനിക്കുന്നത് അന്യോന്യമുള്ള കൂടിയാലോചനയിലൂടെ ആയിരിക്കുകയും, നാം നൽകിയിട്ടുള്ളതിൽ നിന്ന് ചെലവഴിക്കുകയും ചെയ്തവരാരോ, അവർക്കും.’’ (കൂടുതൽ ഉത്തമവും കൂടുതൽ നീണ്ടുനിൽക്കുന്നതുമായ വിഭവം അല്ലാഹുവിന്റെ പക്കലുണ്ട്) (ശൂറ: 38)

നമസ്കാരം പോലെ, സകാത്ത് പോലെയുള്ള ആരാധന തന്നെയാണ് തങ്ങളുടെ കാര്യങ്ങൾ കൂടിയാലോചനയിലൂടെ തീരുമാനിക്കുക എന്ന കർമ്മവും. പരലോകത്തിൽ ഉത്തമമായ വിഭവങ്ങളനുഭവിക്കാൻ കൂടിയാലോചനക്കാരായ സത്യവിശ്വാസികൾക്ക് അല്ലാഹു അവസരം നൽകുമെന്ന സൽവാർത്ത നമ്മുടെ ഓരോരുത്തരുടേയും ശ്രദ്ധയാകർഷിക്കുക തന്നെ വേണം.

‘‘നിങ്ങളുടെ നേതാക്കൾ നല്ലവരും, നിങ്ങളിലെ പണക്കാർ ധർമ്മിഷ്ഠരും, നിങ്ങളുടെ കാര്യങ്ങൾ കൂടിയാലോചനയിലൂടെ തീരുമാക്കപ്പെടുന്നതും ആയ അവസ്ഥ നിങ്ങളിൽ നിലനിൽക്കുന്നുവെങ്കിൽ ഭൂമിയുടെ ഉൾഭാഗത്തേക്കാൾ നിങ്ങൾക്കുത്തമം അതിന്റെ മുകൾഭാഗം തന്നെയാണ്’’ എന്ന അർഥത്തിൽ ഒരു അഥർ ഉണ്ട്. അഥവാ ഇതിൽ പറയപ്പെട്ട മൂന്നു കാര്യങ്ങളും സാർഥകമായ ഒരു വിശ്വാസീ സമൂഹത്തിൽ വഴക്കും വക്കാണവുമില്ലാത്ത സൗഹൃദാവസ്ഥ നിലവിലുണ്ടാകും എന്നർഥം.

കുടുംബ നാഥൻ കുടുംബാംഗങ്ങളുമായും, നേതാക്കൾ അനുയായികളുമായും നടത്തുന്ന ഏതൊരു ചർച്ചയും ഗുണഫലങ്ങൾ ഉണ്ടാക്കുന്നവയാണ്. വിഷയങ്ങളിൽ ഉൾക്കാഴ്ച ലഭിക്കാനും, അവയുടെ നാനാവശങ്ങളെപ്പറ്റി വിശകലനം ചെയ്യാനും, അനുകൂലവും പ്രതികൂലവുമായ ഘടകങ്ങളെ വേർതിരിച്ചെടുക്കാനും, പല ശബ്ദങ്ങളിൽ നിന്ന് അവസാനം യോജിച്ചൊരു തീരുമാനത്തിലെത്താനും കൂടിയാലോചന ഉപകരിക്കും. ഓരോരുത്തരും പരിഗണിക്കപ്പെട്ടു എന്ന ചിന്ത വ്യക്തികൾക്കിടയിലുണ്ടാക്കും. കുടുംബ നാഥൻ അല്ലെങ്കിൽ സംഘ നേതാവ് സ്വീകരിച്ച ഒരു നിലപാടിൽ കുറ്റവും കുറവും കാണാതെ, അതിനെ അംഗീകരിക്കാൻ സർവരും മുന്നോട്ടു വരും. തന്നിഷ്ടങ്ങളും, പിടിവാശികളും, മുൻധാരണ കളുമുണ്ടാക്കുന്ന യാതൊരപശബ്ദവും കൂടിയാലോചനയിലൂടെയുണ്ടാകുന്ന തീരുമാനങ്ങ ളിൽ കാണുകയില്ല.

കൂടിയാലോചനാ രംഗത്ത് പ്രവാചക തിരുമേനിയുടെ മഹത്വം അനിതരമാണ്. അല്ലാഹുവിന്റെ പ്രവാചകനാണ് താൻ, താൻ പറയും നിങ്ങൾ കേൾക്കുക. യാതൊരു വിഷയത്തിലും നിങ്ങളുടെ അഭിപ്രായങ്ങൾക്ക് വിലയില്ല. എന്ന നിലപാടല്ലായിരുന്നു സഹാബികളോട് പ്രവാചകന്ന് ഉണ്ടായിരുന്നത്. എത്രയോ ഭൗതിക വിഷയങ്ങളിൽ തിരുമേനി(സ്വ) സഹാബത്തുമായി ചർച്ച നടത്തിയിട്ടുണ്ട്. ബദർ, ഉഹദ് യുദ്ധങ്ങൾക്കൊരുങ്ങിയ വേളകളിൽ, യുദ്ധസ്ഥലം നിശ്ചയിക്കുന്ന കാര്യങ്ങളിൽ, എന്തിനധികം സ്നേഹനിധിയായ തന്റെ പത്നിയെപ്പറ്റി അപവാദ കഥ പ്രചരിച്ച സന്ദർഭത്തിൽ പോലും പ്രമുഖരുമായി കൂടിയാലോചന ചെയ്ത മഹാനാണ് നബി തിരുമേനി(സ്വ). വെറുതെയൊരു നാടകമല്ല, സഹാബത്തുമായുള്ള പ്രവാചകന്റെ കൂടിയാലോചന. അവരുടെ അഭിപ്രായങ്ങൾക്ക് ചെവികൊടുക്കുകയും അവ നടപ്പിലാക്കുകയും ചെയ്ത സംഗതികൾ ചരിത്രത്തിലെമ്പാടുമുണ്ട്.

കൂടിയാലോചന കൊണ്ട് ഫലപ്രാപ്തിയാകണം ലക്ഷ്യമിടേണ്ടത്. പരമാവധി അബദ്ധങ്ങളില്ലാത്ത ഒരു തീരുമാനത്തിലെത്താൽ അതു മുഖേന സാധിക്കണം. അതിന്നാകണമെങ്കിൽ ചർച്ചിക്കിരിക്കുന്നവരിൽ ചില ഗുണങ്ങളുണ്ടാകണം. തികഞ്ഞ ദൈവഭയം, പ്രമാണങ്ങളോടുള്ള പ്രതിബദ്ധത, എല്ലാവരേയും കേൾക്കാനുള്ള മനസ്സ്, എതിരഭിപ്രായങ്ങളോട് സഹിഷ്ണുത കാണിക്കാനുള്ള സന്നദ്ധത, സ്നേഹം നഷ്ടപ്പെടാതെ സംവദിക്കാനുള്ള സൂക്ഷ്മത, ചർച്ചയിൽ അഭിപ്രായങ്ങൾ പരിഗണിക്കപ്പെടാതെ പോകുന്നുവെങ്കിൽ ക്ഷമിക്കാനുള്ള വിശാലത, കൂട്ടായെത്തിച്ചേർന്ന തീരുമാനത്തെ കലവറയില്ലാതെ അംഗീകരിക്കാനുള്ള മാനസിക നില തുടങ്ങിയവ കൂടിയാലോചനാ രംഗത്തെ പ്രാഥമിക നിബന്ധനകളാണ്.

നല്ലത് തെരയുന്നവൻ പരാജയപ്പെടില്ല, കൂടിയാലോചനക്കാരന്ന് ഖേദിക്കേണ്ടി വരികയുമില്ല എന്നൊരു ആപ്തവാക്യം പ്രചാരത്തിലുണ്ട്. സ്വാഭിപ്രായങ്ങളിൽ അഹങ്കരിക്കുന്ന ഒരാൾക്ക് നേരിലേക്കെത്തുക സാധ്യമല്ല. ഏതു വിഷയങ്ങളിലും ചർച്ചക്കിരിക്കാൻ തയ്യാറാകുന്ന ചിലരുണ്ട്. സംഘാംഗങ്ങളുടെ അഭിപ്രായങ്ങൾ കേട്ട് അനുകൂലമായവ സ്വീകരിക്കുക എന്ന മനസ്ഥിതിയോടെയല്ല ചർചകളിലെ അവരുടെ പങ്കാളിത്തത്തിന്റെ ഉദ്ദേശ്യം. മറിച്ച് തന്റെ സാന്നിധ്യമില്ലെങ്കിൽ മറ്റഭിപ്രായങ്ങൾ പരിഗണിക്കപ്പെടും എന്ന ഭയം കൊണ്ടും, തന്റെ വീക്ഷണങ്ങളെ മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കണം എന്ന സ്വാർഥത കൊണ്ടുമാണ്. അത്തരം മനസ്ഥിതിക്കാർ സംഘശക്തിയെ തകർക്കുമെന്നു മാത്രമല്ല, അയാൾക്കു തന്നെയും ലക്ഷ്യത്തോടടുക്കാൻ സാധിക്കുകയില്ല.

കൂടിയോലോചനയെ പ്രോത്സാഹിപ്പിക്കുന്ന ഇസ്‌ലാം ഗൂഢാലോചനയെ നിശിതമായി വിമർശിക്കുന്നുണ്ട്. കുഴപ്പങ്ങളെ താലോലിക്കുന്നവരാണ് ഗൂഢാലോചനക്കാർ. അവർ ഗുണ കാംക്ഷികളല്ല. സമൂഹത്തിന് ലഭിക്കാൻ ഒരു നന്മയും അവരിലില്ല. പുറത്ത് ചിരിക്കുമ്പോഴും അകത്ത് പല്ലിറുമ്മുന്നവരാണ് അവർ. ഗൂഢാലോചന പിശാചിൽ നിന്നുള്ളതാണെന്ന് സൂറത്തു മുജാദല വ്യക്തമാക്കുന്നുണ്ട്. ഭക്തിയിലും നന്മയിലുമല്ലാത്ത രഹസ്യ ചർച്ചകൾ ഐക്യപ്പെട്ടു ജീവിക്കുന്ന വിശ്വാസീ സംഘത്തിൽ വിള്ളലുകൾക്കു വഴിവെക്കുമെന്ന കാര്യത്തിൽ സംശയമില്ല. ആകയാൽ അല്ലാഹു പറഞ്ഞു:

يَا أَيُّهَا الَّذِينَ آمَنُوا إِذَا تَنَاجَيْتُمْ فَلَا تَتَنَاجَوْا بِالْإِثْمِ وَالْعُدْوَانِ وَمَعْصِيَتِ الرَّسُولِ وَتَنَاجَوْا بِالْبِرِّ وَالتَّقْوَى وَاتَّقُوا اللَّهَ الَّذِي إِلَيْهِ تُحْشَرُونَ (مجادلة : 9)

‘‘സത്യവിശ്വാസികളേ, നിങ്ങൾ രഹസ്യസംഭാഷണം നടത്തുകയാണെങ്കിൽ അധർമ്മത്തിനും അതിക്രമത്തിനും റസൂലിനെ ധിക്കരിക്കുന്നതിനും നിങ്ങൾ രഹസ്യസംഭാഷണം നടത്തരുത്. പുണ്യത്തിന്റെയും ഭയഭക്തിയുടെയും കാര്യത്തിൽ നിങ്ങൾ രഹസ്യഉപദേശം നടത്തുക. ഏതൊരു അല്ലാഹുവിങ്കലേക്ക് നിങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുമോ അവനെ നിങ്ങൾ സൂക്ഷിക്കു കയും ചെയ്യുക. ’’(മുജാദില: 9)

കൂടിയാലോനയുടെ മഹത്വവും രീതിശാസ്ത്രവും തിരിച്ചറിയാനും അതിന്റെ പവിത്രത കാത്തുസൂക്ഷിക്കാനും നമുക്കാകണം. അത് അല്ലാഹുവിന്റെ കാരുണ്യത്തിന് വഴിവെക്കുന്നു. അത് കെട്ടുറപ്പുള്ളൊരു സമൂഹത്തിന് കളമൊരുക്കുന്നു. സ്വാർഥതയില്ലാത്ത, തന്നിഷ്ടമില്ലാത്ത, പിടിവാശിയില്ലാത്ത ഒരു സമൂഹത്തിന്. പരസ്പരം സ്നേഹിക്കുന്ന, ആദരിക്കുന്ന, അംഗീകരി ക്കുന്ന മാതൃക നിറഞ്ഞ സമൂഹത്തിന്.